**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4227** **28-10-2021 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ സി ആർ മഹേഷ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തകർച്ച നേരിടുന്ന പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് വ്യക്തമായി പഠനം നടത്തി പരിഹാര നടപടികൾ കണ്ടെത്താത്തതാണ് അവയുടെ തകർച്ചയ്ക്ക് കാരണമെന്ന ആക്ഷേപത്തിന്മേൽ നിലപാട് വ്യക്തമാക്കുമോ; | (ബി) | കോവിഡ് 19 പ്രതിസന്ധി സമസ്ത മേഖലകളെയും ബാധിച്ചത് പോലെ പരമ്പരാഗത വ്യവസായ മേഖലയിലും പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. കരകൗശല മേഖലയും പരമ്പരാഗത മേഖലയും വ്യാവസായിക മുന്നേറ്റത്തിന്റെ ഫലമായും ആധുനികകാലത്തെ ആഗോള വത്ക്കരണത്തിന്റെ ഫലമായും ഭീഷണി നേരിടുന്നതും അതിൽനിന്ന് മോചനം നേടിയിട്ടില്ലാത്തതുമാണ്. ആഗോളമൂലധനം, ഉയർന്ന ശേഷിയുള്ള യന്ത്രസാമഗ്രികൾ എന്നിവയുമായാണ് പരമ്പരാഗത മേഖല മത്സരിക്കേണ്ടത്. പ്രതിസന്ധികൾ തരണം ചെയ്യുന്നതിനായി വിവിധ പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. കൈത്തറി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തുകയും റിപ്പോർട്ടിന്റെ കണ്ടെത്തലുകൾ പരിഹരിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. |
| (സി) | പരമ്പരാഗത വ്യവസായങ്ങൾക്ക് ഉണ്ടായതായി പറയപ്പെടുന്ന തകർച്ച മൂലം ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും കുടുംബങ്ങൾക്കും ഉണ്ടായ ദുരിതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഖാദി മേഖലയിലെ പ്രതിസന്ധി ഒഴിവാക്കുന്നതിനും അതു കാരണം ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ വിഷമതകൾ മാറ്റാനുമായി കൃത്യമായും അവർക്ക് തൊഴിലും വേതനവും ലഭ്യമാക്കേണ്ടതുണ്ട്. ആയതിന് മിനിമം കൂലി അതാത് മാസം നൽകുവാനുള്ള നടപടി സർക്കാരിന്റെ പരിഗണനയിലാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഖാദിയ്ക്ക് സ്പെഷ്യൽ റിബേറ്റ് ഇനത്തിൽ 2021-22 |

| | | | |
|---|---|---|---|
| | | | സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 14 കോടി രൂപയിൽ 12 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കയർ മേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്കാവശ്യമായ ചകിരി ലഭ്യമാക്കുന്നതിന് കയർഫെഡ് ഇ-ടെണ്ടർ വഴി പ്രൈസ് ഡിസ്കവറി സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. നിശ്ചയിച്ചിട്ടുള്ള ഗുണമേൻമ ഉറപ്പാക്കി വർഷം മുഴുവൻ വിലവ്യത്യാസം കൂടാതെ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കുന്നതിന് ഇതു വഴി സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ചകിരി മില്ലുകളിൽ നിന്നും കയർഫെഡ് ചകിരി സംഭരിച്ച് 23/-രൂപ നിരക്കിൽ സംഘങ്ങൾക്ക് നൽകി വരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ ചകിരി പൂർണമായും കയർഫെഡ് സംഭരിച്ച് നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നടപടികളെല്ലാം തന്നെ കയർ വ്യവസായ മേഖലയെ പ്രതിസന്ധികളിൽ നിന്ന് കരകയറ്റാനും പുതിയ സാഹചര്യങ്ങളിലെ വെല്ലുവിളി അതിജീവിക്കാനും കയർ മേഖലയിലെ തൊഴിലാളികളെ പ്രാപ്തരാക്കുവാനും സഹായിച്ചിട്ടുണ്ട്. കോവിഡ് നിയന്ത്രണങ്ങളിലെ ഇളവുകൾ പരമാവധി പ്രയോജനപ്പെടുത്തി തൊഴിലുറപ്പ് പദ്ധതി സജീവമാകുന്നതോടെ കയർ സ്റ്റോക്കുള്ളത് ഭൂവസ്ത്രമാക്കി മാറ്റി വിനിയോഗിക്കാനാകും. കോവിഡ് പശ്ചാത്തലത്തിൽ പരമാവധി സർക്കാർ ഇടപെടൽ നടത്തി കയർ വ്യവസായ രംഗത്തെ സഹായിക്കാനാണ് ശ്രമിക്കുന്നത്. |
| (ഡി) | എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഖാദി മേഖലയിലെ പ്രതിസന്ധി ഒഴിവാക്കുന്നതിനും അതു കാരണം ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ വിഷമതകൾ മാറ്റാനുമായി കൃത്യമായും അവർക്ക് തൊഴിലും വേതനവും ലഭ്യമാക്കേണ്ടതുണ്ട്. ആയതിന് മിനിമം കൂലി അതാത് മാസം നൽകുവാനുള്ള നടപടി സർക്കാരിന്റെ പരിഗണനയിലാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഖാദിയ്ക്ക് സ്പെഷ്യൽ റിബേറ്റ് ഇനത്തിൽ 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 14 കോടി രൂപയിൽ 12 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കയർ മേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്കാവശ്യമായ ചകിരി ലഭ്യമാക്കുന്നതിന് കയർഫെഡ് ഇ-ടെണ്ടർ വഴി പ്രൈസ് ഡിസ്കവറി സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. നിശ്ചയിച്ചിട്ടുള്ള ഗുണമേൻമ ഉറപ്പാക്കി വർഷം മുഴുവൻ വിലവ്യത്യാസം കൂടാതെ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കുന്നതിന് ഇതു വഴി സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ചകിരി മില്ലുകളിൽ |

| | | | |
|---|---|---|---|
| | | | നിന്നും കയർഫെഡ് ചകിരി സംഭരിച്ച് 23/-രൂപ നിരക്കിൽ സംഘങ്ങൾക്ക് നൽകി വരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ ചകിരി പൂർണമായും കയർഫെഡ് സംഭരിച്ച് നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നടപടികളെല്ലാം തന്നെ കയർ വ്യവസായ മേഖലയെ പ്രതിസന്ധികളിൽ നിന്ന് കരകയറ്റാനും പുതിയ സാഹചര്യങ്ങളിലെ വെല്ലുവിളി അതിജീവിക്കാനും കയർ മേഖലയിലെ തൊഴിലാളികളെ പ്രാപ്തരാക്കുവാനും സഹായിച്ചിട്ടുണ്ട്. കോവിഡ് നിയന്ത്രണങ്ങളിലെ ഇളവുകൾ പരമാവധി പ്രയോജനപ്പെടുത്തി തൊഴിലുറപ്പ് പദ്ധതി സജീവമാകുന്നതോടെ കയർ സ്റ്റോക്കുള്ളത് ഭൂവസ്ത്രമാക്കി മാറ്റി വിനിയോഗിക്കാനാകും. കോവിഡ് പശ്ചാത്തലത്തിൽ പരമാവധി സർക്കാർ ഇടപെടൽ നടത്തി കയർ വ്യവസായ രംഗത്തെ സഹായിക്കാനാണ് ശ്രമിക്കുന്നത്. |

സെക്ഷൻ ഓഫീസർ